നേത്രചികിത്സാ യൂണിറ്റ് ആരംഭിക്കുവാൻ നടപടി

142(884) ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുൽത്താൻ ബത്തേരി താലൂക്ക് ആശുപത്രിയിൽ നേത്രരോഗ ചികിത്സാ വിദഗ്ദ്ധനേയും അസിസ്റ്റന്റിനേയും നിയമിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ഇവിടെ നേത്രരോഗ ചികിത്സാ യൂണിറ്റ് എന്ന് മുതൽ പ്രവർത്തനമാരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സുൽത്താൻ ബത്തേരിയിൽ താലൂക്ക് ആശുപത്രിയിൽ ഓഫ്ത്താൽമിക് അസിസ്റ്റന്റിന്റെ ഒഴിവിലേക്ക് ആളെ നിയമിക്കുന്നതിന് പി.എസ്.സി. ക്ക് എഴുതിയിട്ടുണ്ട്. അഡ്വൈസ് ലഭ്യമാകുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്. നേത്രരോഗ വിദഗ്ദ്ധന്റെ ലഭ്യതയനുസരിച്ച് നിയമനം നടത്തുന്നതാണ്.

(ബി) ഒഫ്താൽമിക് യൂണിറ്റിലേക്ക് ഡോക്ടറേയും അസിസ്റ്റന്റിനേയും നിയമിച്ചാലുടൻ യൂണിറ്റ് പ്രവർത്തനം ആരംഭിക്കാവുന്നതാണ്.

നൂറനാട് കുഷ്ഠരോഗാശുപത്രി ജനറലാശുപത്രിയായി ഉയർത്തണമെന്ന ആവശ്യം

143(885) ശ്രീ. പി.കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നൂറനാട് കുഷ്ഠരോഗ ആശുപത്രിയിൽ എത്ര രോഗികളാണ് അന്തേവാസികളായിട്ടുള്ളത്;

(ബി) കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ പുതുതായി എത്തുന്ന രോഗികളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ടോ;

(സി) ഈ കാലയളവിൽ വർഷംതോറും എത്തിയ പുതിയ രോഗികളുടെ എണ്ണം വ്യക്തമാക്കുമോ;

(ഡി) ആശുപത്രിയിലെ ഇന്നുള്ള സൗകര്യങ്ങൾ കണക്കിലെടുത്തും സമീപപ്രദേശങ്ങളിൽ ഗവണ്മെന്റ് ആശുപത്രികൾ ഇല്ല എന്നത് കണക്കിലെടുത്തും ഈ സ്ഥാപനം ഒരു ജനറൽ ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 562.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി)	ഒ.പി.	ഐ.പി.	ആകെ
1995	142	41	183
1996	65	26	91
1997	27	22	49
1998	22	14	36
1999	32	30	62

(ഡി) ജനറൽ ആശുപത്രിയായി ഉയർത്തുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ നിലവിലില്ലാത്തതിനാൽ ഇപ്പോൾ പരിഗണനയിലില്ല.

മുണ്ടേരി ഗ്രാമപഞ്ചായത്തിൽ ആയുർവേദ ആശുപത്രി അനുവദിക്കുവാൻ നടപടി

144(886)ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ മുണ്ടേരി ഗ്രാമപഞ്ചായത്തിൽ ആയുർവേദാശുപത്രി അനുവദിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിൻമേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നടപ്പ് സാമ്പത്തികവർഷം ആരംഭിക്കുന്ന ആയുർവേദ ഡിസ്പെൻസറികളുടെ സ്ഥലനിർണ്ണയം സംബന്ധിച്ച് തീരുമാനം ആയിട്ടില്ല.

പെർമുദെയിൽ ആശുപത്രി സ്ഥാപിക്കാൻ നടപടി

145(887)ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ പൈവിളികെ പുത്തിഗെ പഞ്ചായത്തുകളുടെ അതിർത്തിയും ഒരു റിമോർട്ട് ഏരിയായുമായ പെർമുദേയിൽ ഒരു ആശുപത്രി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) അലോപ്പതിയോ ആയുർവേദമോ ഹോമിയോ ഏത് ആശുപത്രിയാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) പെർമുദ വില്ലേജ് പൈവിളികെ പഞ്ചായത്തിനു കീഴിലുള്ള സ്ഥലമാണ്. പൈവിളികെയിൽ ഇപ്പോൾ ഒരു സബ്സെന്റർ നിലവിലുണ്ട്.

മേലടി ഹെൽത്ത് സെന്റർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്താൻ നടപടി

LIBRARY ARCHIVES Kerala Legislative Assembly